പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6249 02/04/2018 ൽ മറുപടിക്ക്

## ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ചുമതലക്കാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വം ബഡ്ജറ്റിനനുസരിച്ചും ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ക്ഷേത്ര പുന:രുദ്ധാരണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്തി വരുന്നത്. |
| (ബി) | മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് 2017-18 വർഷം ഇതുവരെ എത്ര ധനസഹായം നൽകി; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുക എത്രയെന്ന് ക്ഷേത്രങ്ങളുടെ പേര് സഹിതം അറിയിക്കാമോ; | (ബി) | ഗുരുവായൂർ ദേവസ്വത്തിൽ നിന്നും തൃശ്ശൂർ ജില്ലയിലെ 135 ക്ഷേത്രങ്ങൾക്കായി 2017 - 18 വർഷം മൊത്തം 79,85,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ഗുരുവായൂർ ദേവസ്വത്തിൽ ലഭ്യമല്ല. |
| (സി) | പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ